**പതിമൂന്നാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. T1237

11/02/2016 ൽ
മറുപടിയ്ക്ക്

## കൊരട്ടി വൈഗൈ ത്രെഡ്സ് കമ്പനിയുടെ ഭൂമി

ചോദ്യം
ശ്രീ. ബി.ഡി.ദേവസ്സി

മറുപടി
ശ്രീ.അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

(എ) സർക്കാർ പാട്ടത്തിന് നൽകിയ കൊരട്ടി വൈഗൈ ത്രെഡ്സ് കമ്പനിയുടെ കൈവശമുണ്ടായിരുന്ന ഭൂമി, കമ്പനി പ്രവർത്തനം പൂർണ്ണമായും അവസാനിപ്പിച്ച സാഹചര്യത്തിൽ സർക്കാർ ഏറ്റെടുക്കുന്നതിനും, കൊരട്ടി ഐ.ടി. പാർക്ക്, കൊരട്ടി പഞ്ചായത്ത് എന്നിവയുടെ വികസനാവശ്യങ്ങൾക്കായും വിട്ടുനൽകുന്നതിനും നടപടി സ്വീകരിക്കുമോ;

(എ) കൊരട്ടി വൈഗൈ ത്രെഡ്സ് കമ്പനിയിൽ നിന്നും സർക്കാർ ഏറ്റെടുത്ത 45.43 ഏക്കർ ഭൂമിയിൽ 30 ഏക്കർ ഭൂമി ഐ.ടി പാർക്ക് നിർമ്മാണത്തിനുവേണ്ടി ഐ.ടി.വകുപ്പിന് അനുവദിച്ചിട്ടുണ്ട്. ശേഷിക്കുന്ന 15.43 ഭൂമി കൊരട്ടി ഐ.ടി. പാർക്ക് വിപുലീകരണത്തിനുവേണ്ടി KSTIL സമർപ്പിച്ച പ്രൊപ്പോസലിൽ നടപടി സ്വീകരിച്ചുവരികയാണ്.

(ബി) ഐ.ടി. പാർക്കിന്റെ വൻ വികസന സാദ്ധ്യത കണക്കിലെടുത്ത്, ആവശ്യമായ അടിസ്ഥാന സൗകര്യ വികസനത്തിനായി കൊരട്ടി ജംഗ്ഷനോട് ചേർന്ന കമ്പനി വക സ്ഥലത്തു നിന്നും ബസ്സ്സ്റ്റാന്റ്, വാണിജ്യ കേന്ദ്രം, തുടങ്ങിയ അവശ്യവികസന സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള സ്ഥലം കൊരട്ടി പഞ്ചായത്തിന് വിട്ടു നൽകുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ?

(ബി) മെസ്സേഴ്സ് വൈഗൈ ത്രെഡ്സ് കമ്പനി കൈവശം വച്ച് വരുന്ന ശേഷിക്കുന്ന ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. പ്രസ്തുത ഭൂമി ഏറ്റെടുത്തതിനു ശേഷം കൊരട്ടി പഞ്ചായത്തിന് ഭൂമി അനുവദിക്കുന്നതിനുള്ള ശുപാർശയിൻമേൽ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**